"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ലാ - പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഐശ്വര്യം ജങ്കാറിന്റെ ഉടമസ്ഥത കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡിന് കൈമാറുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1154/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 04/06/2019

---

പരാമർശം:- 1 30/03/2013 ലെ സ.ഉ(സാധാ)262/2013/F&PD നമ്പർ ഉത്തരവ്.

2 ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 23.08.2017 ൽ ചേർന്ന യോഗതീരുമാനം.

3 കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 30.012.2017 ലെ സി. 664/2017 - 18 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ ദ്വീപ് പഞ്ചായത്തായ പെരുമ്പളം ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ യാത്രാ ദുരിതം പരിഗണിച്ച് അരൂർ എം.എൽ.എ യുടെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് ജങ്കാർ വാങ്ങുന്നതിന് അനുമതി നൽകി പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ജങ്കാർ സർവ്വീസ് നടത്തിക്കൊണ്ട് പോകാനുള്ള സാമ്പത്തിക സ്ഥിതി പഞ്ചായത്തിന് ഇല്ലാത്തതിനാൽ ടി ജങ്കാറിന്റെ ഉടമസ്ഥത കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡിന് കൈമാറുന്നതിന് പരാമർശം 2 പ്രകാരം തീരുമാനിച്ചിരുന്നു. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജങ്കാറിന്റെ ഉടമസ്ഥത കെ.എസ്.ഐ.എൻ.സി യ്ക്ക് കൈമാറിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് കെ.എസ്.ഐ.എൻ.സി മാനേജിംഗ് ഡയറക്ടർ പരാമർശം 3 ലെ കത്തു പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 2 ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിലെ ദ്വീപ് പഞ്ചായത്തായ പെരുമ്പളം ഗ്രാമപഞ്ചായത്തിലെ ഐശ്വര്യം ജങ്കാറിന്റെ ഉടമസ്ഥത കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡിന് കൈമാറുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

File No.LSGD-DB3/36/2018-LSGD

മാനേജിംഗ് ഡയറക്ടർ, കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ, കോർപ്പറേഷൻ ലിമിറ്റഡ്, 61/1227, ഉദയനഗർ റോഡ്, കൊച്ചി – 682 020.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ്ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

പ്രസിഡന്റ്/ സെക്രട്ടറി, പെരുമ്പളം ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ല.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

മത്സ്യബന്ധന തുറമുഖ(ഇ) വകുപ്പ്

ധനകാര്യ വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്.